"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻ ഡോ. പ്രിയങ്ക രാജുവിന് എറണാകുളം കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്ററിൽ മെഡിക്കൽ ഓങ്കോളജി അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ ഒഴിവിലേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യു) വകുപ്പ്**

സ.ഉ.(സാധാ) നം.2819/2026/H&FWD തീയതി,തിരുവനന്തപുരം, 22-08-2026

---

പരാമർശം:-
1. സ.ഉ.(പി)നം.45/13/ധന തീയതി 22/01/2013.
2. സർക്കുലർ നമ്പർ. 42/2013/ധന തീയതി 10/05/2013.
3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 28/07/2026 തീയതിയിലെ DHS/14594/2026-EA5 നമ്പർ കത്ത്.
4. 06/08/2026 തീയതിയിലെ കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്റർ ഡയറക്ടറുടെ 700/A1/2018/CCRC നമ്പർ കത്ത്.
5. 11.08.2026 തീയതിയിലെ കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്റർ ഡയറക്ടറുടെ 2073/A1/2022/CCRC (പാർട്ട് 11) (2) നമ്പർ കത്ത്.

**ഉത്തരവ്**

ആരോഗ്യ വകുപ്പിൽ മാവേലിക്കര ജില്ലാശുപത്രിയിലെ അസിസ്റ്റന്റ് സർജൻ ഡോ. പ്രിയങ്ക രാജുവിന് എറണാകുളം കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്ററിൽ മെഡിക്കൽ ഓങ്കോളജി അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് ഒരു വർഷത്തേക്ക് അന്യത്ര സേവനം അനുവദിക്കുന്നതിനുള്ള അപേക്ഷ, പരാമർശം (3) കത്ത് പ്രകാരം, നിരാക്ഷേപ പത്രം സഹിതം ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു. കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്ററിൽ മെഡിക്കൽ ഓങ്കോളജി അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഒഴിവുണ്ടെന്നും ഡോ. പ്രിയങ്ക രാജുവിനെ ടി തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് തടസമില്ലെന്നും പരാമർശം (4), (5) പ്രകാരം കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്റർ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആരോഗ്യ

വകുപ്പിൽ മാവേലിക്കര ജില്ലാശുപത്രിയിലെ അസിസ്റ്റന്റ് സർജൻ ഡോ. പ്രിയങ്ക രാജുവിന് എറണാകുളം കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്ററിൽ, മെഡിക്കൽ ഓങ്കോളജി അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ കേരള സർവീസ് റൂൾസ് ഭാഗം 1,ചട്ടം 140 (സി) പ്രകാരവും പരാമർശം (1), (2) പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായും അന്യത്ര സേവനത്തിന് നിലവിലുള്ള ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമനം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപാ സുരേന്ദ്രൻ
അഡിഷണൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട ഓഫീസർക്ക്. (ആരോഗ്യവകുപ്പ് ഡയറക്ടർ ഡയറക്ടർ മുഖേന)
സൂപ്രണ്ട്, ജില്ലാശുപത്രി, മാവേലിക്കര. (ആരോഗ്യവകുപ്പ് ഡയറക്ടർ ഡയറക്ടർ മുഖേന)
ഡയറക്ടർ, കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്.
വിവര പൊതുജന സമ്പർക്ക വെബ് & ന്യൂ മീഡിയ വകുപ്പ്.
സ്റ്റോക്ക് ഫയർ/ ഓഫീസ് കോപ്പി (HL-FW3/213/2026-HEALTH)

ഉത്തരവിൻ പ്രകാരം,
Digitally signed by
Deepu Bhaskar
Date: 24-08-2026
10:36:58
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. ആരോഗ്യ ദേവസ്വം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.